For extensive farm trial only

# USE OF ICAR - CTCRI DEVELOPED BIOPESTICIDES

(Shake the formulation before use. Avoid delay in spraying to save the prepared solution from sedimentation)

**Aphids & Thrips**

- Mix thoroughly 7 to 10 ml of the biopesticide Nanma in one litre of water.
- Spray at the infested region only.

**Mealy bugs, Whiteflies**

- Mix thoroughly 10 ml of the biopesticide Shreya in one litre of water.
- Spray at the infested region only.
- After one week, spray Nanma at 7 -10 ml / Litre

**Plants recommended for the treatment:** Chilly, cow pea, tomato, bitter guard, snake guard, ivy guard, bottle guard, brinjal, elephant foot yam etc.

**Caution:** *Test the phytotoxicity of the solution on one leaf and standardise the dose when apply on other crops.*
Spray the biopesticides preferably in the evening hours.

**Pseudostem weevil in banana**

- Cut and remove the dried leaves.
- Make small incisions at the base of the leaf axis and squeeze out the accumulated water.
- Mix thoroughly 50 ml of Nanma in one litre of water.
- Spray on the pseudostem and last leaf axis.

**Spray schedule:** Two sprays at 5th & 6th months after planting. Advisable to give one more spray at 7th month for fruits with long maturation like Poovan, Quintal Eathan etc.

**Five litres of Nanma is required for one spray per acre (1000 plants):**

**Injection against pseudostem weevil**

- Draw Menma in a 20 ml syringe
- Insert the specially designed needle approximately 5cm below the infestation point.
- Press the piston gently and release the biopesticide.
- Withdraw the syringe for about 1 cm and again release the solution.
- Continue this till the needle is removed out from the pseudostem.
- Give similar injections at the opposite two sides of the pseudostem.

**Leaf feeding caterpillars in banana**

- Mix thoroughly 10 ml of Nanma in one litre of water.
- Spray on the leaves.

**Rhizome weevil**

- Make cowdung slurry @ 1 kg. in one litre of water.
- Add 200 ml of Nanma mix thoroughly.
- Smear a thin layer of the slurry on the rhizome and dry it under shade for 3 days.
- A fortnight after planting, drench its base with Nanma @ 20 ml / Litre

**Prepared By: Dr. Harish E.R., Dr. Jayaprakas C.A., Ms. Sreelakshmi L.**

**For details:**
**Director**
**ICAR - Central Tuber Crops Research Institute**
**Sreekariyam, Thiruvananthapuram - 695017**
0471 - 2598551 to 56
http://www.ctcri.org director.ctcri@icar.org.in

*വ്യാപക കർഷക സംയോജക പരീക്ഷണങ്ങൾക്ക് മാത്രം*

## ICAR - CTCRI വികസിപ്പിച്ചെടുത്ത ജൈവ കീടനാശിനി ഉപയോഗരീതി

(ഉപയോഗത്തിന് മുമ്പ് ജൈവ കീടനാശിനി നന്നായി കുലുക്കുക. സ്പ്രേ ചെയ്യുവാൻവേണ്ടി തയ്യാറാക്കിയ ലായനി ഉടനെ ഉപയോഗിക്കുക; അല്ലാത്തപക്ഷം ലായനി രണ്ട് തട്ടുകളായി വേർതിരിയും)

**മുഞ്ഞ, ഇലച്ചെള്ള്**

**നന്മ** എന്ന ജൈവമിശ്രിതം ഒരു ലിറ്റർ വെള്ളത്തിൽ 7 മുതൽ 10 മില്ലി വരെ ഒഴിച്ച് നന്നായി കലക്കി കീടബാധയുള്ള ഇടങ്ങളിൽ മാത്രം സ്പ്രേ ചെയ്യുക.

**മീലിമുട്ട, വെള്ളീച്ച**

**ശ്രേയ** എന്ന ജൈവ കീടനാശിനി 10 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ ഒഴിച്ച് നന്നായി കലക്കി കീടബാധയുള്ള ഇടങ്ങളിൽ സ്പ്രേ ചെയ്യുക. ഒരാഴ്ച കഴിഞ്ഞ് 7 മുതൽ 10 മില്ലി **നന്മ** ഒരു ലിറ്റർ വെള്ളത്തിൽ കലക്കി സ്പ്രേ ചെയ്യുക.

**ജൈവ കീടനാശിനി കഴിയുന്നതും വൈകുന്നേരങ്ങളിൽ സ്പ്രേ ചെയ്യാൻ ശ്രദ്ധിക്കുക.**

**മുന്നറിയിപ്പ്:** മറ്റു വിളകളിൽ ഉപയോഗിക്കുമ്പോൾ ചെടികൾക്ക് പൊള്ളൽപോലുള്ള ലക്ഷണങ്ങൾ കാണുമായിരിക്കാം. അതിനാൽ ഇത്തരം വിളകളിൽ ടെസ്റ്റ് ഡോസ് (ഒരു ഇലയിൽ മാത്രം തളിച്ച്) ജൈവ മിശ്രിതത്തിന്റെ വീര്യം നിജപ്പെടുത്തുക.

**തളിക്കാവുന്ന പച്ചക്കറികൾ**

മുളക്, പയർ, തക്കാളി, പാവൽ, പടവലം, ചുരയ്ക്ക, കോവൽ, കത്തിരി, വഴുതന, ചേന മുതലായവ.

**വാഴയിലെ തടതുരപ്പൻ പുഴു**

ഉണങ്ങിയ ഇലകൾ മുറിച്ച് മാറ്റിയശേഷം ഈ ഇലക്കവിളുകളുടെ അടിവശം ചെറുതായി കീറി അവിടെ കെട്ടിനിൽക്കുന്ന വെള്ളം ഞെക്കി കളയുക. **നന്മ** ഒരു ലിറ്റർ വെള്ളത്തിൽ 50 മില്ലി എന്ന തോതിൽ നന്നായി കലക്കി വാഴത്തടയിലും അവസാനത്തെ ഇല കവിളുകളിലും സ്പ്രേ ചെയ്യുക.

വാഴയുടെ വളർച്ച 5, 6 മാസങ്ങൾ ആകുമ്പോൾ ഓരോ സ്പ്രേ ചെയുക. എന്നാൽ മൂപ്പ് കൂടിയ ഇനങ്ങൾക്ക് (പൂവൻ, കിന്റൽ, ഏത്തൻ തുടങ്ങിയവയ്ക്ക്) 7-ാം മാസത്തിൽ ഒരു സ്പ്രേ കൂടി നൽകുന്നത് അഭികാമ്യമാണ്. ഒരു ഏക്കറിന് (1000 വാഴ) ഒരു തവണ സ്പ്രേ ചെയ്യുവാൻ 5 ലിറ്റർ **നന്മ** ആവശ്യമാണ്.

**തടപ്പുഴുവിനെതിരെ കുത്തിവയ്പ്പ്**

സിറിഞ്ചിൽ 20 മില്ലി വരെ **മേന്മ** നിറച്ച് കീടാക്രമണം കാണുന്ന സ്ഥലത്ത് ഏകദേശം 5 സെന്റീമീറ്റർ താഴെ ആഴത്തിൽ കുത്തിവയ്ക്കുക. തുടർന്ന് സൂചി ക്രമേണ 1 സെന്റിമീറ്റർ എന്ന തോതിൽ പുറകോട്ട് വലിച്ച് മരുന്ന് കുത്തിവെപ്പ് തുടരുക. ഇപ്രകാരം വാഴയുടെ എതിർ ദിശയിലെ രണ്ടു വശങ്ങളിലും കൂടി കുത്തിവയ്ക്കുക.

**വാഴയിലെ ഇലതീനി പുഴുക്കൾ**

ഒരു ലിറ്റർ വെള്ളത്തിൽ **നന്മ**10 മില്ലി ഒഴിച്ച് നന്നായി കലക്കി ഇലകളിൽ സ്പ്രേ ചെയ്യുക.

**വാഴയിലെ മാണപ്പുഴു**

ഒരു ലിറ്റർ വെള്ളത്തിൽ ഒരു കിലോ ചാണകം കലക്കി അതിൽ 200 മില്ലി **നന്മ** ചേർത്ത് നന്നായി ഇളക്കുക. ചെത്തി വൃത്തിയാക്കിയ വാഴക്കന്നിൽ ഈ മിശ്രിതം കൈകൊണ്ട് പുരട്ടി മൂന്ന് ദിവസം തണലിൽ ഉണക്കുക. ഒരു ദിവസം വെയിലുകൊണ്ട് ഉണങ്ങിയ കുഴിയിൽ ഈ കന്ന് നടുക. രണ്ടാഴ്ച കഴിഞ്ഞശേഷം ഒരു ലിറ്റർ വെള്ളത്തിൽ 20 മില്ലി **നന്മ** കലക്കി പുതുനാമ്പിൽ വീഴാതെ ചെടിയുടെ അടിവശം നന്നായി നനയ്ക്കുക.

*തയ്യാറാക്കിയത് :*

**ഡോ. ഹരീഷ് ഇ.ആർ., ഡോ. ജയപ്രകാശ് സി.എ., ശ്രീമതി. ശ്രീലക്ഷ്മി എൽ.**

**വിശദാംശങ്ങൾക്ക്**

**ഡയറക്ടർ**

**കേന്ദ്ര കിഴങ്ങുവിള ഗവേഷണ സ്ഥാപനം**

**ശ്രീകാര്യം, തിരുവനന്തപുരം – 695017**

0471 - 2598551 to 56

http://www.ctcri.org director.ctcri@icar.org.in